പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1586 21.3.2012-ൽ മറുപടിയ്ക്ക്

**കൃഷി ഭവനും ഭൂവുടമയും ചേർന്ന് കരാറടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പദ്ധതി**

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. എസ്.ശർമ്മ: | **ശ്രീ. കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന കൃഷിഭൂമിയിൽ കൃഷിഭവനും ഭൂവുടമയും ചേർന്ന് കരാർ കൃഷി ചെയ്യുന്ന പദ്ധതി നടപ്പാക്കിയോ; | (എ) സംസ്ഥാനത്ത് തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന കൃഷി ഭൂമി പൂർണ്ണമായി കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച 'ജനകീയ പങ്കാളിത്തത്തോടെയുള്ള തരിശു ഭൂമിയിലെ കരാർ കൃഷി' സംസ്ഥാനത്തെ 14 ജില്ലകളിലായി 1500 ഹെക്ടറിൽ 5 കോടി രൂപ ചിലവാക്കി നടപ്പാക്കി വരുന്നു |
| (ബി) പ്രസ്തുത പദ്ധതിയിൻപ്രകാരം തന്നാണ്ടിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ കൃഷിഭൂമിയിൽ കരാർ കൃഷിയിറക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം 2012 ഫെബ്രുവരി വരെ 531.85 ഹെക്ടർ സ്ഥലത്ത് ഇതിനകം കൃഷി ചെയ്ത് കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു; ഇതിൽ എന്തു തുക പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഖജനാവിൽ നിന്നും ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) പദ്ധതി നടത്തിപ്പിനുവേണ്ടി നടപ്പു സാമ്പത്തിക വർഷം 5 കോടി രൂപയാണ് വകയിരുത്തി യിട്ടുള്ളത്. ജില്ലകൾക്ക് മുഴുവൻ തുകയും അനുവദിച്ചു കഴിഞ്ഞു. പദ്ധതി നിർവ്വഹണം തുടരുന്നു. |

**സെക്ഷൻ ഓഫീസർ**